# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1386** | **12-03-2015 ലെ മറുപടിക്ക്**

## ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>,, വി. പി. സജീന്ദ്രൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ബൈപ്പാസുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി. മീറ്റർ നാലുവരി പാതയാക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടി പുരോഗമിക്കുന്നു. ബാക്കിയുള്ള മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള 16.5 കി. മീറ്റർ ഭാഗത്തെ സ്ഥലമെടുപ്പ് അവസാന ഘട്ടത്തിലാണ്. കൊല്ലം ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായുള്ള റീ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. പണി ഉടൻ ആരംഭിക്കുന്നതാണ്. കോഴിക്കോട് ബൈപ്പാസ് നിർമ്മാണം പുരോഗമിക്കുന്നു. തലശ്ശേരി-മാഹി ബൈപ്പാസ് സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കി യിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടന്നുവരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റും പ്രവൃത്തിയുടെ എസ്റ്റിമേറ്റും തയ്യാറാക്കാൻ NATPAC നെ എൽപ്പിച്ചുകഴിഞ്ഞു. കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു.<br>കൂടാതെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന ബൈപ്പാസുകളുടെ പ്രവൃത്തികൾ നടന്നുവരുന്നു. 1) എം.സി. |

റോഡ് - പത്തനാപുരം റോഡ് ശബരിമല ബൈപ്പാസ് (മേഴ്സി ഹോസ്പിറ്റൽ - ചെങ്ങമനാട് റോഡ് 6.60 കി. മീ) 2) കോതമംഗലം - തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ്. 3) തിരൂർ - പൊന്മുണ്ടം ബൈപ്പാസ്. 4) കർമ്മ ബൈപ്പാസ് റോഡ്, പൊന്നാനി. 5) മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ്. 6) ഒരേടത്ത് പാലം - മാനത്തു മംഗലം - തൈക്കൂത്ത് ബൈപ്പാസ്. 7) കടുത്തുരുത്തി ബൈപ്പാസ്. 8) പട്ടിത്താനം - മണ്ണാർക്കാട് ബൈപ്പാസ്. 9) അയർക്കുന്നം - കുറ്റില്ലം ബൈപ്പാസ്.

**(ബി)** ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്;

**(സി)** പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

**(ബി) & (സി)** തിരുവനന്തപുരം ബൈപ്പാസ് ദേശീയപാത അതോറിറ്റി ബി.ഒ.ടി വ്യവസ്ഥയിൽ നടപ്പിലാക്കുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണച്ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുന്നതാണ്. ഇത് സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം കേന്ദ്രസർക്കാരിന്റെ വാർഷിക പദ്ധതിയിലോ,സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയോ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി യാണ് നടപ്പിലാക്കുന്നത്. തലശ്ശേരി- മാഹി ബൈപ്പാസ് ദേശീയപാത അതോറിറ്റി ബി.ഒ.ടി വ്യവസ്ഥയിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കി ലും പ്രവൃത്തി വേഗത്തിൽ തുടങ്ങുന്ന തിനായി സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന ബൈപ്പാസുകൾ ബി.ഒ.റ്റി വ്യവസ്ഥയിലാണ്. സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് കേരള റോഡ് ഫണ്ട് ബോർഡിന്റെ വാർഷിക വിഹിതം ഉപയോഗിച്ചും ബോർഡ് മുഖേന ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) തിരുവനന്തപുരം ബൈപ്പാസിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി പണി ഉടൻ തുടങ്ങുന്നതാണ്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ